<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>
<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – കണ്ണൂർ ജില്ല – മട്ടന്നൂർ മുൻസിപ്പാലിറ്റി –കോളാരി വില്ലേജ് - പെട്രോളിയം റീട്ടയിൽ ഔട്ട്ലെറ്റ് നിർമ്മാണം- കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കണ്ണൂർ ടൗൺപ്ലാനറുടെ 24/3/2023 ലെ TCPTVM/194/2023-C നം. കത്തും ഉള്ളടക്കവും.
2. മട്ടന്നൂർ നഗരസഭാ സെക്രട്ടറിയുടെ 10/6/2022-ലെ A2-1161/2022 നം. കത്ത്

==================================================

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. LSGD/PD/22451/2023-TCPA4 തീയതി:25-05-2023

==================================================

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുൻസിപ്പാലിറ്റി പരിധിയിലുള്ള കോളാരി വില്ലേജിൽ, റീ സർവ്വേ നമ്പർ 105/132 ൽ ഉൾപ്പെട്ട 12.25 ആർ സ്ഥലത്ത് ആകെ 244.74 ച.മി ബിൽറ്റ്-അപ്പ് ഏരിയാ വിസ്തീർണ്ണമുള്ള Petroleum retail outlet (Sales Office- 27.19$m^2$, Canopy- 204.60$m^2$, Toilet Block- 12.95$m^2$) )നിർമ്മിക്കുന്നതിനായി layout & usage of plot അംഗീകാരം ലഭ്യമാക്കുന്നതിലേക്ക് ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.ഇ.വി വിനോദ് കുമാർ, വൃന്ദാവൻ, നിയർ മട്ടന്നൂർ HSS, കണ്ണൂർ, എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി മട്ടന്നൂർ മാസ്റ്റർ പ്ലാനിന്റെ സോണിംഗ് റെഗുലേഷൻ പ്രകാരവും, ടൗൺ പ്ലാനറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർമ്മാണം KMBR 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
2. കെ.എം.ബി.ആർ 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകൾ, അളവുകൾ, വിസ്തീർണ്ണം, ഉടമസ്ഥാവകാശം, ഭൂമിയുടെ തരം, സർവ്വേ നമ്പർ, നിർമ്മാണാവകാശം എന്നിവ മേൽ ചട്ടങ്ങൾ പ്രകാരവും, നിലവിലുള്ള മറ്റ് ആക്റ്റുകളും ചട്ടങ്ങളും പ്രകാരവും പരിശോധിച്ചു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമർപ്പിച്ച പ്ലാൻ പ്രകാരം സ്ഥലത്തു നിന്നു 7.50 മീറ്റർ വരെ ഉയരത്തിൽ മണ്ണെടുത്താണ് നിർമ്മാണം ഉദ്ദേശിക്കുന്നതായി കാണിച്ചിട്ടുള്ളത്. ആയതിനു ആവശ്യമായ അനുമതി, സുരക്ഷാക്രമീകരണങ്ങൾ, ശാസ്ത്രീയമായ retaining wall നിർമ്മാണം എന്നിവ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
4. കെ.എം.ബി.ആർ 2019 ചട്ടം 5(4) പ്രകാരം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ



Generated from eOffice by USHAKUMARI I, TCPA4 PD LSGD, TCPA4 PD LSGD, PD LSGD on 25/05/2023 11:59 AM

(AAI) ഉൾപ്പെടെ ആവശ്യമായ വകുപ്പുകളിൽ നിന്നും NOC ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

5. കെ.എം.ബി.ആർ ചട്ടം 34(3)(3) പ്രകാരം Segregated sanitation സൗകര്യങ്ങളും, ചട്ടം 34(3)(2) പ്രകാരം ശുചീകരണ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. കെ.എം.ബി.ആർ 2019 ചട്ടം 47(2) പ്രകാരം പെട്രോൾ നിറക്കൽ കേന്ദ്രത്തിന്റെ ചില്ലറ വിതരണ യൂണിറ്റിന് ചുറ്റും 7.5 മീറ്റർ clear open space നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
7. കെ.എം.ബി.ആർ 2019 ചട്ടം 47(1) പ്രകാരം ഇന്ധന ടാങ്കിന്റെയും, വെന്റ് പൈപ്പ് എന്നിവയുടെ സ്ഥാനം അല്ലെങ്കിൽ നിർമ്മാണം 2002 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
8. പ്ലോട്ടിലേക്ക് ചട്ടം 28(1) പാലിച്ചുകൊണ്ട് കുറഞ്ഞത് 7.00 മീറ്റർ വീതിയിൽ വഴി ലഭ്യമാക്കേണ്ടതും, സ്ഥലത്തേക്കുള്ള വാഹന ഗതാഗതം, റോഡിലെ ഗതാഗത ഉപയോഗത്തെ ബാധിക്കാത്ത രീതിയിൽ ക്രമീകരിക്കേണ്ടതുമാണ്.
9. കെ.എം.ബി.ആർ 2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
10. പ്ലോട്ടിന് പടിഞ്ഞാറ് ഭാഗത്തുള്ള റോഡിന് മാസ്റ്റർ പ്ലാൻ പ്രകാരം റോഡ് വൈഡനിംഗ് ഉണ്ടെങ്കിൽ ആയത് പാലിക്കും വിധം പ്ലോട്ടിനകത്തെ നിർമ്മാണങ്ങൾ ക്രമീകരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതാത് ജില്ലാ തദ്ദേശ സ്വയം ഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ.

Signed by
Nidheesh K. P.
Date: 25-05-2023 11:44:01

നിധീഷ്.കെ.പി
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ടൗൺപ്ലാനർ, കണ്ണൂർ

പകർപ്പ്:-

1. ശ്രീ. ഇ.വി വിനോദ് കുമാർ,
   വൃന്ദാവൻ, നിയർ മട്ടന്നൂർ HSS, മട്ടന്നൂർ പി.ഒ, കണ്ണൂർ- 670702
2. സെക്രട്ടറി, മട്ടന്നൂർ മുൻസിപ്പാലിറ്റി, കണ്ണൂർ -670702
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം



Generated from eOffice by USHAKUMARI I, TCPA4 PD LSGD, TCPA4 PD LSGD, PD LSGD on 25/05/2023 11:59 AM